# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6806** **04.04.2018-ൽ മറുപടിയ്ക്ക്**

**ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യ സമ്പത്ത്**

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യ സമ്പത്ത് നിലനിർത്തുന്നതിനുവേണ്ടി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | എ) ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനു വേണ്ടി മത്സ്യകുഞ്ഞുങ്ങളെ ഉൾനാടൻ ജലാശയങ്ങളിൽ നിക്ഷേപിക്കുന്ന പദ്ധതി നിലവിലുണ്ട്. 2017-18 സാമ്പത്തിക വർഷം 253 ലക്ഷം രൂപ വകയിരുത്തുകയും 14 ജില്ലകളിലായി കാർപ്പ്, ആറ്റുകൊഞ്ച്, കരിമീൻ, കണമ്പ്, പൂമീൻ, ചെമ്മീൻ മുതലായവയുടെ മത്സ്യകുഞ്ഞുങ്ങളെ ഉൾനാടൻ ജലാശയങ്ങളിൽ നിക്ഷേപിച്ചു ടി പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കൂടാതെ ആവാസ വ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിനും മത്സ്യങ്ങളുടെ പ്രജനനം ഫലപ്രദമായി നടന്ന് കൂടുതൽ മത്സ്യങ്ങൾ ഉൽപാദിപ്പിക്കുന്നതിനും വേണ്ടി സ്വാഭാവിക മത്സ്യ പ്രജനന കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതിക്ക് 2017-18 സാമ്പത്തിക വർഷം 20 ലക്ഷം രൂപ വകയിരുത്തുകയും ആയതനുസരിച്ച് അഷ്ടമുടി കായൽ, വേമ്പനാട് കായൽ, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ കായലുകൾ എന്നിവിടങ്ങളിൽ മത്സ്യ സങ്കേതങ്ങൾ സ്ഥാപിക്കുന്നതിന് കൊല്ലം, കോട്ടയം, കോഴിക്കോട്, കണ്ണൂർ ജില്ലകൾക്ക് 5 ലക്ഷം രൂപ വീതം അനുവദിക്കുകയും ആയത് നടപ്പിലാക്കി വരുകയും ചെയ്യുന്നു. |
| ബി) സംസ്ഥാനത്തെ പുഴകളിലേക്കും കായലുകളിലേക്കും വൻതോതിൽ വ്യവസായ മാലിന്യങ്ങളുൾപ്പെടെ നിക്ഷേപിക്കുന്ന പ്രവണത വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ നമ്മുടെ ജലാശയങ്ങളിലെ പരമ്പരാഗത മത്സ്യ ഇനങ്ങളെ വംശനാശം സംഭവിക്കാതെ സംരക്ഷിക്കുന്നതിന് എന്തെല്ലാം | ബി) സംസ്ഥാനത്തെ പുഴകളിലേക്കും കായലുകളിലേക്കും വൻതോതിൽ വ്യവസായ മാലിന്യങ്ങൾ ഉൾപ്പെടെ നിക്ഷേപിക്കുന്ന പ്രവണത വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ നമ്മുടെ ജലാശയങ്ങളിലെ പരമ്പരാഗത മത്സ്യ ഇനങ്ങളെ വംശനാശം സംഭവിക്കാതെ സംരക്ഷിക്കുന്നതിന് സംരക്ഷിത മേഖലകളിൽ മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ 20 ലക്ഷം രൂപ വകയിരുത്തുകയും കൊല്ലം, കോട്ടയം, |

നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

കോഴിക്കോട്, കണ്ണൂർ ജില്ലകൾക്ക് ടി തുക അനുവദിച്ച് പദ്ധതി നടപ്പിലാക്കി വരുകയും ചെയ്യുന്നു. 2018-19 സാമ്പത്തിക വർഷവും ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഉൾനാടൻ ജലാശയ ങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധ തിയിൽ തനത് മത്സ്യങ്ങളായ കരിമീൻ, കണമ്പ്, പൂമീൻ, ചെമ്മീൻ മുതലായ മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും ചെയ്തു. 2018-19 സാമ്പത്തിക വർഷവും ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ആഫീസർ**